"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ്- എസ്.എസ്.എൽ.സി/ ഹയർ സെക്കന്ററി/ വൊക്കേഷണൽ ഹയർ സെക്കന്ററി- ഗ്രേസ് മാർക്ക് - പരിഷ്‌കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ജി) വകുപ്പ്**

സ.ഉ.(സാധാ) നം.2450/2025/GEDN  തീയതി,തിരുവനന്തപുരം, 03-04-2025

---

പരാമർശം:-

1. **18/01/2022** ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ **394/2022**/പൊവിവ
2. **25.04.2024** ലെ സർക്കാർ ഉത്തരവ് (സാധാ) നം.**2817/2024**/പൊവിവ
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ **27.03.2025** ലെ ഡി ജി ഇ/ **820/2025**-വൈ **1** നമ്പർ കത്ത്

**<u>ഉത്തരവ്</u>**

അക്കാദമിക മികവ് പുലർത്തുന്നവരെക്കാൾ ഉയർന്ന മാർക്കുകൾ ഗ്രേസ് മാർക്കിന്റെ ആനുകൂല്യം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് ലഭിക്കുന്നതിനാലും പ്ലസ്‌വൺ പ്രവേശനത്തിന് പരിഗണിക്കുമ്പോൾ ഗ്രേസ് മാർക്കിലൂടെ അധികമായി ഇൻഡക്സ് മാർക്ക് ലഭിക്കുന്നതിനാലും ഗ്രേസ് മാർക്ക് ലഭിച്ചവർ മികച്ച അക്കാദമിക് നിലവാരമുള്ളവരെ അപേക്ഷിച്ച് മുൻപന്തിയിൽ എത്തുകയും തന്മൂലം അക്കാദമിക് തലത്തിൽ മുൻപിൽ നിൽക്കുന്ന കുട്ടികൾ പിൻതള്ളപ്പെടുകയും ചെയ്യുന്ന സാഹചര്യം നിലനിൽക്കുന്നതായി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഗ്രേസ് മാർക്ക് പരിഷ്‌കരിച്ച് പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

ഗ്രേസ് മാർക്ക് പരിഷ്‌കരണവുമായി ബന്ധപ്പെട്ട് **07.12.2024** ൽ ഒരു യോഗം കൂടുകയും അതിന്റെ അടിസ്ഥാനത്തിൽ പരാമർശം (3) പ്രകാരം എസ്.എസ്.എൽ.സി./ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക് പരിഷ്‌കരിക്കുന്നതിനുള്ള പ്രൊപ്പോസൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ സമർപ്പിക്കുകയും ചെയ്തിരുന്നു. ആയത് സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം ഗ്രേസ് മാർക്ക് പരിഷ്‌കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | ഇനം | ഗ്രേസ് മാർക്ക് |
|---|---|---|
| | കേരളാ സ്കൂൾ കലോത്സവം | |

| | | |
|---|---|---|
| 1 | കേരളാ സ്കൂൾ ശാസ്ത്രോത്സവം<br>സംസ്ഥാനതല ശാസ്ത്ര സെമിനാർ<br>സംസ്ഥാനതല സി.വി. രാമൻ ഉപന്യാസ മത്സരം<br>സംസ്ഥാനതല ശ്രീനിവാസ രാമാനുജൻ മെമ്മോറിയൽ പേപ്പർ പ്രസന്റേഷൻ<br>സംസ്ഥാനതല വാർത്താ വായന മത്സരം<br>സംസ്ഥാനതല ഭാസ്കരാചാര്യ സെമിനാർ<br>സംസ്ഥാനതല ടാലന്റ് സെർച്ച് ശാസ്ത്രം<br>സംസ്ഥാനതല ടാലന്റ് സെർച്ച് ഗണിത ശാസ്ത്രം<br>സംസ്ഥാനതല ടാലന്റ് സെർച്ച് സാമൂഹ്യ ശാസ്ത്രം | എ ഗ്രേഡ് -20<br>ബി ഗ്രേഡ് - 15<br>സി ഗ്രേഡ് - 10<br>1, 2, 3 സ്ഥാനം നിശ്ചയിച്ചു നൽകുന്ന ഇനങ്ങൾക്ക് 20, 17, 14 മാർക്കുകൾ വീതം നൽകുന്നു. |
| 2 | സ്പെഷ്യൽ സ്കൂൾ കലോൽസവം | എ ഗ്രേഡ് - 25<br>ബി ഗ്രേഡ് - 20<br>സി ഗ്രേഡ് - 15 |
| 3 | ജൂനിയർ റെഡ് ക്രോസ് | 10 മാർക്ക് |
| 4 | സ്റ്റുഡന്റ് പോലീസ് കേഡറ്റ് പ്രോജക്റ്റ് | 20 മാർക്ക് |
| 5 | സംസ്ഥാന ബാലശാസ്ത്ര കോൺഗ്രസ് | എ ഗ്രേഡ് - 20<br>ബി ഗ്രേഡ് - 15<br>സി ഗ്രേഡ് - 10 |
| 6 | ദേശീയ ബാലശാസ്ത്ര കോൺഗ്രസ് (ദേശീയ തലത്തിൽ പങ്കെടുത്തവർക്ക്) | 25 മാർക്ക് |
| | **സ്കൗട്സ് ആൻഡ് ഗൈഡ്സ്**<br>80% ഹാജർ ഉൾപ്പെടെയുള്ള പങ്കാളിത്തം. | 25 മാർക്ക് |

| | | |
|---|---|---|
| 7 | (ഹയർസെക്കന്ററി വിഭാഗം)<br>രാജ്യ പുരസ്കാർ/ചീഫ് മിനിസ്റ്റർ ഷീൽഡ്<br>(ഹയർസെക്കന്ററി വിഭാഗം)<br>രാഷ്ട്രപതി സ്കൗട്ട് ആൻഡ് ഗൈഡ്സ്<br>(ഹയർസെക്കന്ററി വിഭാഗം)<br>**<u>ഹൈസ്കൂൾ വിഭാഗം</u>**<br>80% ഹാജർ ഉൾപ്പെടെയുള്ള പങ്കാളിത്തം.<br>രാജ്യ പുരസ്കാർ/ചീഫ് മിനിസ്റ്റർ ഷീൽഡ്<br>രാഷ്ട്രപതി അവാർഡ് വിജയികൾക്ക് | 40 മാർക്ക്<br>50 മാർക്ക്<br>18 മാർക്ക്<br>20 മാർക്ക്<br>25 മാർക്ക് |
| 8 | **എൻ.എസ്.എസ്**<br>റിപ്പബ്ലിക് ഡേ ക്യാമ്പിൽ പങ്കെടുക്കുന്ന<br>വോളന്റിയേഴ്സ്<br>ദേശീയ തലത്തിൽ ക്യാമ്പുകളിൽ പങ്കെടുത്ത എൻ എസ് എസ് വോളണ്ടിയർമാർക്ക്<br>എൻ.എസ്.എസ് സർട്ടിഫിക്കറ്റ് ഉള്ള എൻ.എസ്.എസ് വോളന്റിയേഴ്സ് | 40 മാർക്ക്<br>25 മാർക്ക്<br>20 മാർക്ക് |
| 9 | ലിറ്റിൽ കൈറ്റ്സ് | 15 മാർക്ക് |
| 10 | ജവഹർലാൽ നെഹ്റു നാഷണൽ എക്സിബിഷൻ | 25 മാർക്ക് |
| 11 | ബാലശ്രീ അവാർഡ് വിജയികൾക്ക് | 15 മാർക്ക് |
| 12 | കേരളാ സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ ക്വിസ് കോമ്പിറ്റേഷൻ<br>ഫസ്റ്റ് വിന്നർ ടീം<br>സെക്കന്റ് വിന്നർ ടീം | 5 മാർക്ക്<br>3 മാർക്ക് |

| | | |
|---|---|---|
| 13 | സർഗോത്സവം | എ ഗ്രേഡ് -15<br>ബി ഗ്രേഡ് -10 |
| 14 | സതേൺ ഇൻഡ്യ സയൻസ് ഫെയർ<br>(ആദ്യ മൂന്ന് സ്ഥാനക്കാർക്ക്) | 22 മാർക്ക് |
| 15 | **സ്പോർട്സ്**<br>അന്തർദേശീയം<br>അന്തർദേശീയ മത്സരങ്ങളിൽ ഒന്നാം സ്ഥാനം നേടുന്നവർക്ക്<br>അന്തർദേശീയ മത്സരങ്ങളിൽ രണ്ടാം സ്ഥാനം നേടുന്നവർക്ക്<br>അന്തർദേശീയ മത്സരങ്ങളിൽ മൂന്നാം സ്ഥാനം നേടുന്നവർക്ക്<br>അന്തർദേശീയ മത്സരങ്ങളിൽ പങ്കെടുക്കുന്നവർക്ക്<br>ദേശീയം<br>ദേശീയ മത്സരങ്ങളിൽ ഒന്നാം സ്ഥാനം നേടുന്നവർക്ക്<br>ദേശീയ മത്സരങ്ങളിൽ രണ്ടാം സ്ഥാനം നേടുന്നവർക്ക്<br>ദേശീയ മത്സരങ്ങളിൽ മൂന്നാം സ്ഥാനം നേടുന്നവർക്ക്<br>ദേശീയ മത്സരങ്ങളിൽ പങ്കെടുക്കുന്നവർക്ക് | 100 മാർക്ക്<br>90 മാർക്ക്<br>80 മാർക്ക്<br>75 മാർക്ക്<br>50 മാർക്ക്<br>45 മാർക്ക്<br>40 മാർക്ക്<br>35 മാർക്ക് |
| | | |

| | | |
|---|---|---|
| | <u>പൊതുവിദ്യാഭ്യാസ വകുപ്പ് സംഘടിപ്പിക്കുന്ന കായികമത്സരങ്ങൾക്ക് നൽകുന്ന ഗ്രേസ് മാർക്ക്</u><br>1-ാം സ്ഥാനം<br>2-ാം സ്ഥാനം<br>3-ാം സ്ഥാനം<br>4-ാം സ്ഥാനം<br>5-ാം സ്ഥാനം<br>6-ാം സ്ഥാനം<br>7-ാം സ്ഥാനം<br>8-ാം സ്ഥാനം | 20 മാർക്ക്<br>17 മാർക്ക്<br>14 മാർക്ക്<br>10 മാർക്ക്<br>8 മാർക്ക്<br>6 മാർക്ക്<br>4 മാർക്ക്<br>2 മാർക്ക് |
| | <u>സംസ്ഥാന സ്പോർട്സ് കൗൺസിൽ അംഗീകരിച്ച അസോസിയേഷനുകൾ നടത്തുന്ന കായിക മത്സരങ്ങൾക്ക് നൽകുന്ന ഗ്രേസ് മാർക്ക്</u><br>1-ാം സ്ഥാനം<br>2-ാം സ്ഥാനം<br>3-ാം സ്ഥാനം<br>4-ാം സ്ഥാനം | 20 മാർക്ക്<br>17 മാർക്ക്<br>14 മാർക്ക്<br>10 മാർക്ക് |
| | **<u>എൻ.സി.സി</u>**<br>റിപ്പബ്ലിക് ഡേ പരേഡ്ക്യാമ്പ്(ആർ.ഡി.സി)/താൽ | 40 മാർക്ക് |

| | | | |
|---|---|---|---|
| 16 | സൈനിക് ക്യാമ്പ് (റ്റി.എസ്.ഇ)/ഓൾ ഇന്ത്യാ നൗസൈനിക് ക്യാമ്പ് (എ.ഐ.എൻ.എസ്.ഇ)/ഓൾ ഇന്ത്യാ വായൂ സൈനിക് ക്യാമ്പ് (എ.ഐ.വി.എസ്.ഇ)/എസ്.പി.എൽ. എൻ.ഐ.സി/യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാം (വൈ.ഇ.പി)<br><br>റിമാർക്സ്: - സെലക്ഷൻ പ്രക്രിയയിലും തുടർന്നുള്ള പരിശീലനത്തിനും 2 മുതൽ 3 മാസം വരെ ക്ലാസ്സ് നഷ്ടപ്പെടുന്നു. മറ്റ് സാമൂഹ്യ സേവന പരിപാടികളിലും, മറ്റ് എൻ.സി.സി. പരിപാടികളിലും ഈ കുട്ടികൾ പങ്കെടുക്കണം. | 30 മാർക്ക് | |
| | നാഷണൽ ഇന്റഗ്രേഷൻ ക്യാമ്പ് (എൻ.ഐ.സി)/ ഏക് ഭാരത് ശ്രേഷ്ഠതാ ഭാരത് (ഇ.ബി.എസ്.ബി/റോക്ക് ക്ലൈംബിംഗ് ട്രെയിനിംഗ് ക്യാമ്പ് (ആർ.സി.റ്റി.സി)/അഡ്വാൻസ് ലീഡർഷിപ്പ് ക്യാമ്പ്<br><br>(എ.എൽ.സി) ബേസിക് ലീഡർഷിപ്പ് ക്യാമ്പ് (ബി.എൽ.സി) *ട്രക്കിംഗ് പ്രീ - ആർ.ഡി.സി.*<br><br>അറ്റാച്ച്മെന്റ് ക്യാമ്പ്സ് /പ്രീ -റ്റി.എസ്.സി/പ്രീ-എൻ.എസ്.സി./പ്രി-വി.എസ്.സി ഐ ജി.സി./ബേസിക് പാരാ കോഴ്സ്/സെൻട്രലി ഓർഗനൈസ്ഡ് ക്യാമ്പുകൾ എന്നിവയിൽ ഏതെങ്കിലും ഒരു ക്യാമ്പിൽ പങ്കെടുത്തിരിക്കണം.<br><br>റിമാർക്സ്: - സെലക്ഷൻ പ്രക്രിയയിലും തുടർന്നുള്ളപരിശീലനത്തിനും 10 മുതൽ 30 ദിവസം വരെ ക്ലാസ്സ് നഷ്ടപ്പെടുന്നതാണ്. സർക്കാരിന്റെ മറ്റ് സാമൂഹ്യസേവന പരിപാടികളിലും, മറ്റ് എൻ.സി.സി. പരിപാടികളിലും ഈ കുട്ടികൾ പങ്കെടുക്കണം. | | |
| | 75%മോ അതിൽ കൂടുതലോ പരേഡ് അറ്റൻഡൻസ് | 20 മാർക്ക് | |

| | | |
|---|---|---|
| | റിമാർക്സ്: - സ്കൂൾ/കോളേജുകളിൽ ശനിയാഴ്ച നടത്തുന്ന പരേഡിൽ പങ്കെടുത്തിരിക്കണം.<br><br>സർക്കാരിന്റെ മറ്റ് സാമൂഹ്യ സേവന പരിപാടികളിലും,മറ്റ്എൻ.സി.സി.പരിപാടികളിലും ഈ കുട്ടികൾ പങ്കെടുക്കണം | |
| 17 | **സ്കൂൾ സോഷ്യൽ സർവീസ് സ്കീം**<br><br>എ ഗ്രേഡ്<br><br>ബി ഗ്രേഡ്<br><br>സി ഗ്രേഡ് | 25 മാർക്ക്<br><br>15 മാർക്ക്<br><br>10 മാർക്ക് |

<u>വ്യവസ്ഥകൾ</u>

1. എട്ടാം ക്ലാസിലോ ഒമ്പതാം ക്ലാസിലോ പഠിക്കുമ്പോൾ സംസ്ഥാന തല സ്കൂൾ കലോത്സവത്തിലോ ശാസ്ത്രോത്സവത്തിലോ പങ്കെടുത്ത് ലഭിക്കുന്ന ഉയർന്ന ഗ്രേഡ്, ഗ്രേസ് മാർക്കിന് പരിഗണിക്കണമെങ്കിൽ പത്താം ക്ലാസിൽ പഠിക്കുമ്പോൾ സംസ്ഥാനതല മത്സരത്തിൽ പങ്കെടുക്കണമെന്നില്ല. പകരം റവന്യൂ ജില്ലാ മത്സരത്തിൽ അതേ ഇനത്തിൽ എ ഗ്രേഡ് ലഭിച്ചാൽ മതിയാകുന്നതാണ്.

2. എട്ടാം ക്ലാസിലോ ഒമ്പതാം ക്ലാസിലോ പഠിക്കുമ്പോൾ സ്പോർട്സിന് ലഭിച്ച സംസ്ഥാന മെറിറ്റ് /ദേശീയ മെറിറ്റ്/പാർട്ടിസിപ്പേഷൻ, അന്തർദേശീയ മെറിറ്റ് /പാർട്ടിസിപ്പേഷൻ എന്നീ സർട്ടിഫിക്കറ്റുകൾക്ക് പത്താം ക്ലാസിലെ പരീക്ഷയ്ക്ക് ഗ്രേസ് മാർക്ക് ലഭിക്കുന്നതിന് താഴെപറയുന്ന മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.

a. എട്ടാം ക്ലാസിലെ സർട്ടിഫിക്കറ്റ് വച്ചാണ് ഗ്രേസ് മാർക്കിന് അപേക്ഷിക്കുന്നതെങ്കിൽ ഒമ്പതാം ക്ലാസിലും പത്താം ക്ലാസിലും പഠിക്കുമ്പോൾ കുറഞ്ഞത് ജില്ലാ മത്സരങ്ങളിലേതെങ്കിലും പങ്കെടുത്ത സർട്ടിഫിക്കറ്റ് (അംഗീകൃത) അതോടൊപ്പം ഹാജരാക്കേണ്ടതാണ്.

b. ഒമ്പതാം ക്ലാസിലെ സർട്ടിഫിക്കറ്റ് വച്ചാണ് ഗ്രേസ് മാർക്കിനായി

അപേക്ഷിക്കുന്നതെങ്കിൽ പത്താം ക്ലാസിൽ കുറഞ്ഞത് ജില്ലാ മത്സരങ്ങളിലെങ്കിലും പങ്കെടുത്ത സർട്ടിഫിക്കറ്റ് (അംഗീകൃത) അതോടൊപ്പം ഹാജരാക്കേണ്ടതാണ്.

3. ഗ്രേസ് മാർക്ക്, കുട്ടിക്ക് ഒരിക്കൽ നൽകുന്നതിനാൽ അടുത്ത തലത്തിലേക്കുള്ള അഡ്മിഷന് ഗ്രേസ്മാർക്കിന്റെ അടിസ്ഥാനത്തിൽ വീണ്ടും അധികമായി ഇൻഡക്സ് മാർക്ക് (ബോണസ് മാർക്ക് ) നൽകുന്നതല്ല.

4. വിവിധ ഇനങ്ങളിൽ പങ്കെടുത്ത് ഗ്രേസ് മാർക്കിന് അർഹരായിട്ടുണ്ടെങ്കിൽ അവയിൽ ഏതിനത്തിലാണോ കൂടുതൽ മാർക്ക് ലഭിക്കുന്നത് ആ ഇനത്തിന് ലഭിക്കുന്ന മാർക്ക് മാത്രമേ നൽകുകയുള്ളൂ.

5. ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി പരീക്ഷാ ഗ്രേസ് മാർക്ക് പരാമർശം (1) ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീജ വി
അഡിഷണൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പരീക്ഷാ കമ്മീഷണർ, പരീക്ഷാഭവൻ, തിരുവനന്തപുരം
ജോയിന്റ് ഡയറക്ടർ, ഹയർ സെക്കന്ററി വിഭാഗം
ഡെപ്യൂട്ടി ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്
ഐ ആന്റ് പി ആർ (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Savitha S
സെക്ഷൻ ഓഫീസർ
Date: 03-04-2025 16:52:03